# ധനകാര്യവകുപ്പിൽ ഇനി
# സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ മാത്രം

സുഹൃത്തുക്കളെ,

സെക്രട്ടേറിയറ്റിൽ ധനകാര്യവകുപ്പിൽ ഭരണവിലാസം സംഘടനയെ കോടതി നിരോധിച്ചു. അഴിമതിയും സ്വജന പക്ഷപാതവും തൻപ്രമാണിത്തവും മൂപ്പിളമതർക്കവും കൊണ്ട് വാക്കേറ്റത്തിലും കയ്യാങ്കളിയിലും കലാശിച്ച ഫൈനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷന്റെ ധനകാര്യവകുപ്പിലെ സംഘടനാ പ്രവർത്തനമാണ് കോടതി ഉത്തരവിലൂടെ സ്റ്റേ ചെയ്തിരിക്കുന്നത്.

petitioners/plaintiffs, restraining the counter petitioners 1 to 6 from proceeding in furtherance of the show causes/notices issued to the petitioners/plaintiffs and also from enjoying the rights and from extending the duties and status as office bearers of the 1st Counter Petitioner Association, until further orders. Call on 15-12-2015

Pronounced in open court on this the 17th day of November 2015

Reshma Sasidharan,
ADDITIONAL MUNSIFF III

ജീവനക്കാരുടെ അവകാശസംരക്ഷണത്തിനും കൂട്ടായ്മക്കും വേണ്ടി രൂപീകൃതമായ വകുപ്പ് സംഘടനയുടെ ചേരിപ്പോരിനൊടുവിലാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. സ്വന്തം ഇഷ്ടക്കാർക്ക് വഴിവിട്ട പ്രമോഷൻ നൽകിയും തമ്മിലടിച്ചും ധനകാര്യവകുപ്പിലെ സെക്ഷനുകളിൽ ഇക്കൂട്ടർ പലപ്പോഴും വെല്ലുവിളികൾ നടത്തിയിരുന്നു. ജീവനക്കാരെ ഐക്യത്തോടെ കാണുന്നതിന് പകരം വിവിധ തട്ടുകളാക്കി തരംതിരിച്ച് അവർണ/ സവർണ മനോഭാവത്തോടെ കാണുന്ന പ്രവർത്തനമാണ് ഇക്കാലമത്രയും ഈ വകുപ്പ് സംഘടന നടത്തിയിരുന്നത്. പലപ്പോഴും ഇക്കൂട്ടരുടെ വെല്ലുവിളികൾ സെക്ഷനുകളിലെ കൃത്യനിർവഹണത്തിന് തടസ്സവും, സമാധാനാന്തരീക്ഷം തകർക്കുകയും ചെയ്തിരുന്നു. ഇതിൽ ജീവനക്കാർ വ്യാപകമായ രോഷം പ്രകടിപ്പിക്കുന്നുണ്ട്.

ദൈനംദിന പ്രവർത്തനത്തിലെ സാമ്പത്തിക തിരിമറികളുടെയും ചോർന്നുപോയ ലക്ഷങ്ങളുടെയും നോട്ടീസുകൾ ഈ സംഘടനയിലെ തന്നെ ഒരു കൂട്ടർ ഈയിടെ ധനകാര്യവകുപ്പിൽ വിതരണം ചെയ്തിരുന്നു. അംഗങ്ങളുടെ പൊതുവികാരം കാത്തുസൂക്ഷിക്കുന്നതിന് പകരം ഒരു വിഭാഗത്തിന്റെ മാത്രം പോക്കറ്റ് സംഘടന യാക്കി ഫൈനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷന്റെ പ്രവർത്തനങ്ങളെ മാറ്റിയ നേതാക്കളെ ജീവനക്കാരും, സംഘടനാംഗങ്ങളും കൈയ്യൊഴിഞ്ഞിരിക്കുന്നു. ജീവനക്കാരുടെ ശമ്പളപരിഷ്കരണം പോലുള്ള ജീവൽ പ്രശ്ന ങ്ങളിൽ പോലും പ്രസ്തുത സംഘടന നാളിതുവരെയായി ഏതൊരുവിധ അഭിപ്രായപ്രകടനങ്ങളും നടത്താത്തതും ജീവനക്കാരെ ചൊടിപ്പിച്ചിരിക്കുകയാണ്. 'ചത്തതിനൊപ്പമെ ജീവിച്ചിരിക്കിലും' എന്നവണ്ണം പ്രവർത്തിച്ചിരുന്ന ഫൈനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷനാണ് ഇപ്പോൾ കോടതിയുടെ പ്രഹരം കൂടി കിട്ടിയിരിക്കുന്നത്. വകുപ്പു സംഘടനയിൽ അംഗത്വമെടുത്ത പാവം ജീവനക്കാർ കടലിനും ചെകുത്താനുമിടയിൽപ്പെട്ടതുപോലെ നാഥനില്ലാത്ത അവസ്ഥയിലാണ്.

അധികാരത്തിന്റെ മത്ത് പിടിച്ച് വ്യാപകമായ ട്രാൻസ്ഫറുകളും പ്രതികാര നടപടികളും അർഹതപ്പെട്ട പ്രമോഷൻ തടയലും താഴ്ന്ന വിഭാഗം ജീവനക്കാരുടെ ജോലിഭാരം ഇരട്ടിപ്പിക്കുന്ന കാടൻ ഉത്തരവുകളും പുറപ്പെ ടുവിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്ന ഫൈനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷന്റെ കരണത്തടിച്ച അടിയാണ് കോടതിയുടെ ഉത്തരവ്. സെക്രട്ടേറിയറ്റിലെ മുഴുവൻ ജീവനക്കാരുടെയും അവകാശ സംരക്ഷണത്തിനു വേണ്ടി പോരാടുന്ന സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ മാത്രമാണ് ഇനി ധനകാര്യ വകുപ്പിലെ ഏക അംഗീകൃത സംഘടന. കോടതിയുടെ പ്രഹരമേറ്റ് പക്ഷപാതം ബാധിച്ചു കിടക്കുന്ന സംഘടനയിലെ അംഗത്വ മുപേക്ഷിച്ച് എല്ലാ ജീവനക്കാരെയും സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന്റെ മെമ്പർഷിപ്പിലേക്ക് ക്ഷണിക്കുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
28.11.2015

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848